**മധുരമായ കുട്ടികളേ – ബാബ വന്നിരിക്കുകയാണ് നിങ്ങൾക്ക് സിവിൽ ദൃഷ്ടി നൽകാൻ, നിങ്ങൾക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചു, അതുകൊണ്ട് ഈ കണ്ണുകൾ ഒരിക്കലും ക്രിമിനൽ ആകരുത്.**

**ചോദ്യം –** നിങ്ങൾ പരിധിയില്ലാത്ത സന്യാസിമാർക്ക് ബാബ ഏതൊരു ശ്രീമത്താണ് നൽകുന്നത് ?
**ഉത്തരം –** ബാബയുടെ ശ്രീമത്താണ് നിങ്ങൾക്ക് നരകത്തിൽനിന്നും നരകവാസികളിൽനിന്നും ബുദ്ധിയോഗം മാറ്റി സ്വർഗ്ഗത്തെ ഓർമ്മിക്കണം. ഗൃഹസ്ഥവ്യവഹാരത്തിലിരുന്നും നരകത്തെ ബുദ്ധിയാൽ ത്യാഗം ചെയ്യൂ. നരകം പഴയ ലോകമാണ്. നിങ്ങൾക്ക് ബുദ്ധിയിലൂടെ പഴയ ലോകത്തെ മറക്കണം. ഇങ്ങനെ വേണ്ട, പരിധിയുള്ള വീട് ത്യാഗം ചെയ്ത് മറ്റൊരിടത്തേക്ക് പോകണം. നിങ്ങളുടേത് പരിധിയില്ലാത്ത വൈരാഗ്യമാണ്. ഇപ്പോൾ നിങ്ങളുടെ വാനപ്രസ്ഥ അവസ്ഥയാണ്. എല്ലാം ഉപേക്ഷിച്ച് വീട്ടിലേക്ക് പോകണം.

**ഓം ശാന്തി –** ശിവ ഭഗവാനുവാച, വേറെ ആരുടേയും പേര് വേണ്ട. ഈ ബ്രഹ്മാവിന്റെയും പേര് വേണ്ട. പതിത പാവനൻ ബാബ തീർച്ചയായും ഇവിടെ വരുന്നുണ്ട്, പതിതരെ പാവനമാക്കി മാറ്റുന്നതിനുവേണ്ടി. പാവനമായി മാറാനുള്ള യുക്തിയും ഇവിടെ പറയുന്നുണ്ട്. ശിവഭഗവാനുവാചയാണ് ശ്രീകൃഷ്ണഭഗവാനുവാച എന്നല്ല. എപ്പോൾ മുതലാണ് ബാഡ്ജ് ധരിക്കുന്നത് എന്ന് മനസ്സിലാക്കി കൊടുക്കണം, രചയിതാവിന്റേയും രചനയുടെ ആദി മധ്യ അന്ത്യത്തിന്റെ മുഴുവൻ രഹസ്യവും ഈ ബാഡ്ജിൽ കാണപ്പെടുന്നുണ്ട്. ഈ ബാഡ്ജ് നിസ്സാരപ്പെട്ടതല്ല. സൂചനയുടെ കാര്യമാണ്. നിങ്ങളെല്ലാവരും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് ആസ്തികരാണ്. തീർച്ചയായും നമ്പർവൈസ് തന്നെയാണ്. ചിലർക്ക് രചയിതാവിന്റേയും രചനയുടേയും ജ്ഞാനം മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കുന്നില്ല. അവർ സതോപ്രധാന ബുദ്ധിയുള്ളവരെന്ന് പറയില്ല. സതോപ്രധാനബുദ്ധിയുള്ളവരും, രജോ ബുദ്ധിയുള്ളവരും തമോ ബുദ്ധിയുള്ളവരും ഉണ്ട്. ആര് എങ്ങനെ മനസ്സിലാക്കുന്നു, അതുപോലെ ടൈറ്റിൽ ലഭിക്കുന്നു. ഇവർ സതോപ്രധാന ബുദ്ധിയുള്ളവർ, ഇവർ രജോ ബുദ്ധിയുള്ളവർ എന്നിങ്ങനെ പറയാറില്ല. വ്യത്യാസം കാണിക്കരുതല്ലോ. എന്നാലും നമ്പർവൈസായിരിക്കും. ഫസ്റ്റ് ക്ലാസ്സ് ആയിട്ടുള്ളവർ വളരെ നല്ലതാണ്. ഇപ്പോൾ നിങ്ങൾക്ക് സത്യം സത്യമായ സത്ഗുരുവിനെ ലഭിച്ചു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം എപ്പോൾ സത്ഗുരുവിനെ ലഭിക്കുന്നോ, അപ്പോൾ സത്ഗുരു കുട്ടികളെ സത്യം സത്യമാക്കി മാറ്റുന്നു. സത്യമായവർ ദേവീ ദേവതകളാണ്, പിന്നീട് അവർ വാമമാർഗ്ഗത്തിലേക്ക് പോയി അസത്യമാകുന്നു. സത്യയുഗത്തിൽ നിങ്ങൾ ദേവീദേവതകൾ മാത്രമാണ് വസിക്കുന്നത്, വേറെ ആരുമില്ല. ചിലർ ഇങ്ങനെ പറയാറുണ്ട് ഇതെങ്ങനെ സംഭവിക്കും, അവർ ജ്ഞാനമില്ലാത്തതുകൊണ്ടാണ് പറയുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കി നമ്മൾ നാസ്തികരിൽനിന്നും ആസ്തികരായി മാറി. രചയിതാവിന്റേയും രചനയുടേയും ആദിമധ്യഅന്ത്യത്തിന്റെ ജ്ഞാനം ഇപ്പോൾ നിങ്ങൾ കൃത്യമായി മനസ്സിലാക്കി. നാമരൂപത്തിൽനിന്നും വേറിട്ട വസ്തുവിനെ കാണാൻ കഴിയില്ല. ആകാശം അതിരില്ലാത്തതാണ് എന്നാലും ഫീൽ ചെയ്യുന്നുണ്ടല്ലോ ഇത് ആകാശമാണ്. ഇതും ജ്ഞാനമാണ്. എല്ലാത്തിന്റേയും ആധാരം ബുദ്ധിയാണ്. രചയിതാവിന്റേയും രചനയുടേയും നോളേജ് ഒരു ബാബയാണ് നൽകുന്നത്. ഇങ്ങനെ എഴുതണം – ഇവിടെ രചയിതാവിന്റെയും രചനയുടേയും ആദിമധ്യഅന്ത്യത്തിന്റെ ജ്ഞാനം ലഭിക്കും. ഇങ്ങനെ വളരെയധികം സ്ലോഗൻസുണ്ട്. ഓരോരോ ദിവസങ്ങളിലും പുതിയ പുതിയ പോയിന്റുകൾ, പുതിയ പുതിയ സ്ലോഗൻസുണ്ടായിക്കൊണ്ടേയിരിക്കും. ആസ്തികരായി മാറുന്നതിനുവേണ്ടി രചയിതാവിന്റേയും രചനയുടേയും ജ്ഞാനം തീർച്ചയായും വേണം. എങ്കിൽ നാസ്തിക അവസ്ഥയിൽനിന്നും മുക്തരാകും. നിങ്ങൾ ആസ്തികരായി മാറി വിശ്വത്തിന്റെ അധികാരിയായി മാറുന്നവരാണ്. ഇവിടെ നിങ്ങൾ ആസ്തികരാണ്, പക്ഷേ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച്. അറിയേണ്ടത് മനുഷ്യർക്കാണ് മൃഗങ്ങൾക്കല്ല. മനുഷ്യരാണ് വളരെ ഉയർന്നവരും, മനുഷ്യർ തന്നെയാണ് വളരെ നീചരും. ഈ സമയം ഒരു മനുഷ്യർക്കും രചയിതാവിന്റേയോ രചനയുടേയോ ജ്ഞാനം അറിയുന്നില്ല. ബുദ്ധി പൂർണ്ണമായും ഗോദ്റേജ് ആകുന്ന പൂട്ട് കൊണ്ട് പൂട്ടിയിരിക്കുന്നു. നിങ്ങൾ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് അറിഞ്ഞു. ഞങ്ങൾ ബാബയുടെ അടുക്കൽ വിശ്വത്തിന്റെ അധികാരിയായി മാറുന്നതിനുവേണ്ടി വന്നിരിക്കുകയാണ്. നിങ്ങൾ 100 ശതമാനം പവിത്രതയിൽ ജീവിക്കുന്നു. പവിത്രതയുമുണ്ട്, ശാന്തിയുമുണ്ട്, സമൃദ്ധിയുമുണ്ട്. ആശിർവ്വാദം തരുന്നില്ലേ, പക്ഷെ ഈ വാക്ക് ഭക്തിമാർഗ്ഗത്തിന്റേതാണ്. ഈ ലക്ഷ്മീനാരായണനും പഠിപ്പിലൂടെയാണ് ആയിത്തീരുന്നത്. പഠിച്ച് എല്ലാവരേയും പഠിപ്പിക്കണം. സ്കൂളിൽ കുമാരീ കുമാരന്മാർ പഠിക്കുന്നതിനുവേണ്ടി പോകുന്നു. പഠിക്കുന്നത് ഒരുമിച്ചാകുന്നതു കാരണം വളരെയധികം മോശമാകാറുണ്ട്. കാരണം ക്രിമിനൽ ദൃഷ്ടിയല്ലേ. ഇന്ന് ക്രിമിനൽ

ദൃഷ്ടിയായതുകാരണമാണ് പർദ്ദ ധരിക്കുന്നത്. സത്യയുഗത്തിൽ ക്രിമിനൽ ദൃഷ്ടിയില്ല, ലക്ഷ്മീനാരായണനെ എപ്പോഴെങ്കിലും പർദ്ദ ധരിച്ചിരിക്കുന്നതായി കണ്ടിട്ടുണ്ടോ. സത്യയുഗത്തിൽ ഒരിക്കലും മോശപ്പെട്ട ചിന്ത വരുന്നില്ല. ഇവിടെ രാവണന്റെ രാജ്യമാണ്. ഈ കണ്ണുകൾ വലിയ ചെകുത്താനാണ്. ബാബ വന്ന് ജ്ഞാനത്തിന്റെ നേത്രം നൽകുന്നു. ആത്മാവാണ് എല്ലാം കേൾക്കുന്നത്, പറയുന്നത്, എല്ലാം ചെയ്യുന്നതും ആത്മാവാണ്. നിങ്ങൾ ആത്മാവ് ഇപ്പോൾ പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആത്മാവാണ് മോശമായി പാപാത്മാവായി മാറിയത്. പാപാത്മാവെന്ന് അവരെയാണ് പറയുക ആരിലാണോ ക്രിമിനൽ ദൃഷ്ടിയുള്ളത്, ഈ ക്രിമിനൽ ദൃഷ്ടിയെ ബാബക്കല്ലാതെ മറ്റൊരാൾക്കും പരിവർത്തനപ്പെടുത്താൻ സാധിക്കില്ല. ജ്ഞാനത്തിന്റെ സിവിൽ ദൃഷ്ടി ഒരു ബാബയാണ് നൽകുന്നത്. ഈ ജ്ഞാനം നിങ്ങളേ അറിയുന്നുള്ളു. ശാസ്ത്രങ്ങളിൽ ഈ ജ്ഞാനമില്ല.

ബാബ പറയുകയാണ് വേദം, ശാസ്ത്രം, ഉപനിഷത്തുകൾ ഇവയെല്ലാം ഭക്തിമാർഗ്ഗത്തിന്റേതാണ്. ജപം, തപം, തീർത്ഥം ഇവയെല്ലാം ചെയ്തതുകൊണ്ട് എന്നെ ആർക്കും ലഭിക്കില്ല. ഈ ഭക്തിമാർഗ്ഗം അര കൽപ്പത്തോളം നടക്കുന്നുണ്ട്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഈ സന്ദേശം എല്ലാവർക്കും കൊടുക്കണം– വരൂ, ഞങ്ങൾ നിങ്ങൾക്ക് രചയിതാവിന്റേയും രചനയുടേയും ആദിമധ്യഅന്ത്യത്തിന്റെ ജ്ഞാനം കേൾപ്പിക്കാം. പരംപിതാപരമാത്മാവിന്റെ ബയോഗ്രഫി പറഞ്ഞുതരാം. മനുഷ്യർ ഒന്നും തന്നെ അറിയുന്നില്ല. വരൂ സഹോദരീസഹോദരന്മാരേ, വന്ന് രചയിതാവിന്റേയും രചനയുടേയും ആദിമധ്യഅന്ത്യത്തിന്റെ ജ്ഞാനം കേൾക്കൂ, പഠിപ്പ് പഠിക്കൂ, ഇതിലൂടെ നിങ്ങൾക്ക് ദേവതയായി മാറാം. ഈ ജ്ഞാനം പ്രാപ്തമാക്കുന്നതിലൂടെ, സൃഷ്ടിചക്രത്തെ മനസ്സിലാക്കുന്നതിലൂടെ നിങ്ങൾ ചക്രവർത്തിയാകും. അതായത് സത്യയുഗത്തിലെ മഹാരാജാവും മഹാറാണിയുമായി മാറാൻ സാധിക്കും. ലക്ഷ്മീനാരായണനും ഈ പഠിപ്പിലൂടെ ആയവരാണ്. നിങ്ങളും പഠിപ്പിലൂടെ ആയിക്കൊണ്ടിരിക്കുകയാണ്. ഈ പുരുഷോത്തമസംഗമയുഗത്തിന് വളരെ പ്രഭാവമുണ്ട്. ബാബ വരുന്നതും ഭാരതത്തിലേക്കാണ്. മറ്റുള്ള ഖണ്ഢത്തിലേക്ക് എന്തിനു വരണം? ബാബ അവിനാശിയായ സർജ്ജനാണ്. ബാബ വരുന്നതും സദാ നിലനിൽക്കുന്ന ആ ഭൂമിയിലേക്കാണ്. ഏത് ഭൂമിയിലാണോ ഭഗവാൻ പാദം വെക്കുന്നത്, ആ ഭൂമി ഒരിക്കലും വിനാശമാകുന്നില്ല. ഈ ഭാരതം ദേവതകൾക്കായി നിലനിൽക്കുമല്ലോ. കേവലം മാറ്റം മാത്രമുണ്ടാകും. ഭാരതമാണ് സത്യമായ ഖണ്ഢവും, അസത്യമായ ഖണ്ഢവുമായി മാറുന്നത്. ഭാരതത്തിന് ഓൾ റൗണ്ട്പാർട്ടാണ്, ബാക്കി ഏത് ഖണ്ഡത്തിനേയും ഇങ്ങനെ പറയില്ല. സത്യമായ ഭഗവാൻ വന്ന് സത്യഖണ്ഡമാക്കുന്നു. പിന്നീട് രാവണൻ അസത്യമായ ഖണ്ഡമാക്കുന്നു. രാവണന്റെ രാജ്യത്തിൽ സത്യത്തിന്റെ തരി പോലും ഉണ്ടായിരിക്കില്ല. അതുകൊണ്ട് ഗുരുവിനേയും സത്യമായത് ലഭിക്കില്ല. സന്യാസിമാർ ഉണ്ട്, അവരെ ഫോളോ ചെയ്യുന്നവർ ഗൃഹസ്ഥികൾ. ഗൃഹസ്ഥികളെ എങ്ങനെ സന്യാസിമാരുടെ ഫോളോവേഴ്സ് എന്ന് പറയും. ഇപ്പോൾ ബാബ സ്വയം പറയുകയാണ് – കുട്ടികളേ, പവിത്രമായി മാറൂ, ദൈവീക ഗുണങ്ങളെ ധാരണ ചെയ്യൂ. നിങ്ങൾക്കിപ്പോൾ ദേവതയായി മാറണം. സന്യാസിമാർ സമ്പൂർണ്ണ നിർവ്വികാരിയല്ല. ഇടക്കിടെ വികാരികളുടെ അടുത്ത് ജന്മമെടുക്കുന്നു. ചിലർ ബാലബ്രഹ്മചാരികളുണ്ട്. ഇങ്ങനെയുള്ളവരും വളരെയധികമുണ്ട്. വിദേശത്തും വളരെക്കൂടുതലുണ്ട്. വൃദ്ധരാകുമ്പോൾ ചിലർ വിവാഹം ചെയ്യും, സംരക്ഷണം കിട്ടാൻ. പിന്നീട് അവർക്കുവേണ്ടി ധനമെല്ലാം ഉപേക്ഷിച്ചു പോകും. ഇവിടെ ഭാരതത്തിൽ കുട്ടികളോട് വളരെയധികം മമത്വമുണ്ട്. 60 വയസ്സിനു ശേഷം എല്ലാം കുട്ടികളെ ഏൽപ്പിച്ചുനോക്കും, എന്റെ പിൻഗാമികൾ നന്നായിട്ടു നടത്തുന്നുണ്ടോ ഇല്ലയോ? പക്ഷേ ഇന്നത്തെക്കാലത്തെ കുട്ടികൾ പറയും അച്ഛൻ വാനപ്രസ്ഥത്തിലേക്ക് പോയാൽ വളരെ നല്ലത്, ചാവി ലഭിച്ചല്ലോ. അച്ഛൻ ജീവിച്ചിരിക്കേത്തന്നെ മുഴുവൻ സമ്പാദ്യവും നശിപ്പിക്കും. പിന്നെ അച്ഛനോട് പറയും ഇവിടംവിട്ടു പോകൂ. ബാബ മനസ്സിലാക്കിത്തരികയാണ് – പ്രദർശിനിയിൽ നിങ്ങൾ ഇങ്ങനെ എഴുതൂ, സഹോദരീസഹോദരന്മാരേ വന്ന് രചയിതാവിന്റേയും രചനയുടേയും ആദിമധ്യ അന്ത്യത്തിന്റെ ജ്ഞാനം കേൾക്കൂ. ഈ സൃഷ്ടിചക്രത്തിന്റെ ജ്ഞാനം അറിയുന്നതിലൂടെ നിങ്ങൾ ചക്രവർത്തിയാകും. വിശ്വത്തിലെ മഹാരാജൻ മഹാറാണിയായി മാറും. അതായത് ദേവീദേവതയായിത്തീരും. ഇത് ബാബ കുട്ടികൾക്കു നൽകുന്ന നിർദ്ദേശമാണ്. ഇപ്പോൾ ബാബ പറയുകയാണ് ഇത് ബ്രഹ്മാവിന്റെ വളരെയധികം ജന്മങ്ങളിലേയും അന്തിമജന്മമാണ്. ഈ ശരീരത്തിലേക്കാണ് പ്രവേശിക്കുന്നത്. വിഷ്ണുവിന് എന്തുകൊണ്ടാണ് 4 കൈകൾ കൊടുത്തിരിക്കുന്നത്? 2 പുരുഷന്റേയും 2 സ്ത്രീയുടേതുമാണ്. 4 കൈകളുള്ള മനുഷ്യരില്ലല്ലോ.ഇതു മനസിലാക്കിത്തരുന്നു വിഷ്ണു അർത്ഥം ലക്ഷ്മീനാരായണൻ. ബ്രഹ്മാവിനും 4 കൈകൾ കാണിക്കുന്നുണ്ട് – 2 കൈ ബ്രഹ്മാവിന്റേതും, 2 കൈ സരസ്വതിയുടേതുമാണ്. 2 പേരും പരിധിയില്ലാത്ത സന്യാസിമാരായി മാറിക്കഴിഞ്ഞു. ഇങ്ങനെയല്ല, സന്യാസം ചെയ്ത് വേറെയിടത്തേക്ക് പോവുക. ബാബ പറയുന്നു ഗൃഹസ്ഥവ്യവഹാരത്തിലിരുന്നും നരകത്തെ ബുദ്ധികൊണ്ട് ത്യാഗം ചെയ്യൂ. നരകത്തെ മറന്ന് സ്വർഗ്ഗത്തെ ബുദ്ധികൊണ്ട് ഓർമ്മിക്കണം. നരകത്തിൽനിന്നും

നരകവാസികളിൽനിന്നും ബുദ്ധിയോഗം മാറ്റി സ്വർഗ്ഗവാസി ദേവതകളുമായി ബുദ്ധിയോഗം വെക്കണം. ആര് പഠിക്കുന്നോ, അവരുടെ ബുദ്ധിയിലുണ്ടായിരിക്കും ഞങ്ങൾ ജയിച്ച് ഇവരെപ്പോലെ ദേവതയായി മാറും. മുമ്പ് ഗുരുവിനെ സമീപിച്ചിരുന്നത് എപ്പോൾ വാനപ്രസ്ഥമാകുന്നുവോ അപ്പോഴായിരുന്നു. ബാബ പറയുന്നു ഞാനും ഈ ബ്രഹ്മാവിന്റെ വാനപ്രസ്ഥ അവസ്ഥയിലാണ് പ്രവേശിക്കുന്നത്, വളരെയധികം ജന്മങ്ങൾക്കുശേഷം അന്തിമജന്മത്തിൽ. ഭഗവാനുവാച – ഞാൻ വളരെ ജന്മങ്ങളുടെ അന്തിമജന്മത്തിൽ തന്നെയാണ് പ്രവേശിക്കുന്നത്. ബ്രഹ്മാവാണ് ആദ്യം മുതൽ അവസാനം വരേക്കും പാർട്ട് അഭിനയിച്ചത്, ഈ ശരീരത്തിലേക്കാണ് പ്രവേശിക്കുന്നത് കാരണം ബ്രഹ്മാവിനാണ് ആദ്യ നമ്പറിലേക്ക് പോകേണ്ടത്. ബ്രഹ്മാ സോ വിഷ്ണു... വിഷ്ണു സോ ബ്രഹ്മാ. രണ്ടുപേർക്കും 4 കൈകളാണ് കാണിക്കുന്നത്. കണക്കുമുണ്ട്, ബ്രഹ്മാസരസ്വതിയാണ് ലക്ഷ്മീനാരായണൻ, പിന്നീട് ലക്ഷ്മീനാരായണൻ ബ്രഹ്മാസരസ്വതിയായി മാറുന്നു. നിങ്ങൾ കുട്ടികൾക്ക് പെട്ടെന്ന് ഈ കണക്ക് പറയാൻ കഴിയും. വിഷ്ണു അതായത് ലക്ഷ്മീനാരായണൻ 84 ജന്മങ്ങളെടുത്ത് പിന്നീട് സാധാരണ ബ്രഹ്മാസരസ്വതിയായി മാറുന്നു. ബ്രഹ്മാവെന്ന പേരു പോലും ശിവബാബ തന്റെ അവതരണത്തിനുശേഷം നൽകിയതാണ്. അല്ലായെങ്കിൽ ബ്രഹ്മാവിന്റെ പിതാവാരാണ്? ശിവബാബയെന്ന് പറയും. എങ്ങനെ രചിച്ചു? ദത്തെടുത്തതാണ്. ബാബ പറയുകയാണ് ഞാൻ ഈ ബ്രഹ്മാവിന്റെ ശരീരത്തിലേക്ക് പ്രവേശിക്കുന്നു. എഴുതിവെക്കണം ശിവഭഗവാനുവാച. ബ്രഹ്മാവിനു പോലും തന്റെ ജന്മങ്ങളെക്കുറിച്ച് അറിയാതിരിക്കുമ്പോഴാണ് ഞാൻ ഈ ശരീരത്തിലേക്ക് പ്രവേശിക്കുന്നത്. വളരെയധികം ജന്മങ്ങൾക്കുശേഷം അന്തിമജന്മത്തിന്റെയും അന്തിമത്തിലാണ് പ്രവേശിക്കുന്നത്. എപ്പോൾ ബ്രഹ്മാവിനു വാനപ്രസ്ഥമാകുന്നു അപ്പോഴാണ് വരുന്നത്. എപ്പോഴാണോ ലോകം പഴയതും പതിതവുമാകുന്നത് അപ്പോഴാണ് ഞാൻ വരുന്നത്, എത്ര സഹജമായാണ് പറഞ്ഞുതരുന്നത്. മുമ്പ് 60 വയസ്സിനുശേഷം ഗുരുവിനെ സ്വീകരിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ ജന്മമെടുക്കുമ്പോൾ തന്നെ ഗുരുവിനെ സ്വീകരിക്കുന്നു. ഇത് പഠിച്ചത് ക്രിസ്ത്യാനികളിൽ നിന്നാണ്. കുട്ടിക്കാലത്തുതന്നെ ഗുരുവിനെ സ്വീകരിക്കേണ്ട ആവശ്യമെന്താണ്. ചിന്തിക്കുന്നത് ഇതാണ് ചെറിയതിൽത്തന്നെ മരിച്ചാൽ സത്ഗതി പ്രാപിക്കാം. ബാബ പറയുകയാണ് ഇവിടെ ആർക്കും സത്ഗതി ലഭിക്കുന്നില്ല. ബാബ നിങ്ങൾക്ക് എത്ര സഹജമായി മനസ്സിലാക്കിത്തരുന്നു. ഉയർന്നതാക്കി മാറ്റുന്നു. ഭക്തിയിൽ പടികൾ ഇറങ്ങിയാണ് വന്നത്. രാവണരാജ്യമല്ലേ. രാവണരാജ്യത്താണ് വികാരി ലോകം ആരംഭിക്കുന്നത്. എല്ലാവരും ഗുരുക്കന്മാരുടെ അടുക്കലേക്ക് പോകുന്നുണ്ട്. ബ്രഹ്മാബാബയും പറയാറുണ്ട് എനിക്കും അനവധി ഗുരുക്കന്മാരുണ്ടായിരുന്നു. ഭഗവാനാണ് എല്ലാവർക്കും സദ്ഗതി നൽകുന്നത് ഇതാരും അറിയുന്നില്ല. ഭക്തിയും വളരെ കടുത്ത ചങ്ങലയായി മാറിയിരിക്കുന്നു. ചങ്ങലകൾ പലതുണ്ടല്ലോ. ചിലത് തടിച്ചതാകും, ചിലത് മെലിഞ്ഞതാകും. ഭാരമുള്ള വസ്തുക്കളെ എടുത്തു ഉയർത്താൻ എത്ര തടിച്ച ചങ്ങലകൾ കെട്ടിയാണ് ഉയർത്തുക. ഇവിടേയും ഇങ്ങനെയാണ്, ചിലർ പെട്ടെന്ന് വന്ന് നിങ്ങളിൽനിന്നും കേൾക്കും, നല്ലരീതിയിൽ പഠിക്കും. ചിലർ മനസ്സിലാക്കുകയേ ഇല്ല. നമ്പർവൈസായിട്ടാണ് മാലയിലെ മുത്തായി മാറുന്നത്. മനുഷ്യർ ഭക്തിമാർഗ്ഗത്തിൽ മാല സ്മരിക്കുന്നു, പക്ഷേ ജ്ഞാനമില്ല. ഗുരു പറഞ്ഞു മാല തിരിക്കൂ. ഇത്രേയുള്ളൂ, രാമ രാമ എന്ന് ഭജിച്ചുകൊണ്ടിരിക്കും. വാദ്യങ്ങളെല്ലാം മുഴക്കും. ശബ്ദം വളരെ മധുരമായി അനുഭവപ്പെടും. പക്ഷേ ജ്ഞാനം ഒന്നുമില്ല. രാമനെന്ന് ആരെയാണ് പറയുന്നത്, കൃഷ്ണനെന്ന് ആരെയാണ് പറയുന്നത്, എപ്പോഴാണ് വരുന്നത് ഒന്നും അറിയുന്നില്ല. കൃഷ്ണനേയും ദ്വാപരയുഗത്തിലേക്ക് കൊണ്ടുവന്നു. ഇതാരാണ് പഠിപ്പിക്കുന്നത്, ഗുരുക്കന്മാർ. കൃഷ്ണൻ ദ്വാപരയുഗത്തിലേക്ക് വന്നു എങ്കിൽ അതിനുശേഷം വന്നത് കലിയുഗമല്ലേ. തമോപ്രധാനമായി മാറി. ബാബ പറയുകയാണ് ഞാൻ സംഗമയുഗത്തിൽ വന്ന് തമോപ്രധാനത്തിൽനിന്നും സതോപ്രധാനമാക്കി മാറ്റുന്നു. നിങ്ങൾ എത്ര അന്ധവിശ്വാസികളായി മാറിയതായിരുന്നു.

ബാബ മനസ്സിലാക്കിത്തരികയാണ് ആരാണോ മുള്ളിൽനിന്നും പൂക്കളായി മാറുന്നവർ അവർ പെട്ടെന്ന് മനസ്സിലാക്കും. മറ്റുള്ളവർ പറയും ഇത് വളരെ സത്യമായ കാര്യമാണ്. ചിലർ വളരെ നല്ലരീതിയിൽ മനസ്സിലാക്കും എന്നിട്ട് നിങ്ങളോട് പറയും നിങ്ങൾ വളരെ നല്ലതായി മനസ്സിലാക്കിത്തരുന്നുണ്ട്. 84 ജന്മത്തിന്റെ കഥയാണിത്. ജ്ഞാനത്തിന്റെ സാഗരനായ ഒരു ബാബ വന്നാണ് നിങ്ങൾക്ക് മുഴുവൻ ജ്ഞാനവും നൽകുന്നത്. ശരി,

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) സത്ഗുരുവായ ബാബയുടെ ഓർമ്മയിലൂടെ ബുദ്ധിയെ സതോപ്രധാനമാക്കി മാറ്റണം. സത്യമായി മാറണം. ആസ്തികരായി മാറി ആസ്തികരാക്കി മാറ്റാനുള്ള സേവ ചെയ്യണം

2) ഇപ്പോൾ വാനപ്രസ്ഥ അവസ്ഥയാണ് അതുകൊണ്ട് പരിധിയില്ലാത്ത സന്യാസിയായി മാറി, സർവ്വതിൽനിന്നും ബുദ്ധിയോഗം മാറ്റണം. പാവനമായി മാറണം ദൈവീകഗുണങ്ങളെ ധാരണ ചെയ്യണം.

**വരദാനം:- ദേഹവും ദേഹത്തിന്റെ ലോകത്തിന്റെയും സ്മൃതിയിൽ നിന്ന് ഉയർന്ന് കഴിയുന്ന സർവ്വ ബന്ധനങ്ങളിൽ നിന്നും മുക്തമായ ഫരിസ്തയായി ഭവിക്കൂ**

ആർക്കാണോ ഒരു ദേഹത്തിനോടും ദേഹധാരികളോടും ബന്ധം അർത്ഥം മനസ്സിന്റെ മമത്വമില്ലാത്തത് അവരാണ് ഫരിസ്ത. ഫരിസ്തകളുടെ പാദം സദാ ഭൂമിയിൽ നിന്ന് ഉയന്നിരിക്കുന്നു. ഭൂമിയിൽ നിന്ന് ഉയർന്ന് അർത്ഥം ദേഹ-ബോധത്തിന്റെ സ്മൃതിയിൽ നിന്ന് ഉയർന്ന്. ആരാണോ ദേഹത്തിന്റെയും ദേഹത്തിന്റെ ലോകത്തിന്റെയും സ്മൃതിയിൽ നിന്ന് ഉയർന്ന് കഴിയുന്നത് അവരാണ് സർവ്വ ബന്ധനങ്ങളിൽ നിന്നും മുക്തമായ ഫരിസ്തയാകുന്നത്. ഇങ്ങനെയുള്ള ഫരിസ്ത തന്നെയാണ് ഡബിൾ ലൈറ്റ് സ്ഥിതിയുടെ അനുഭവം ചെയ്യുന്നത്.

**സ്ലോഗൻ:- വാക്കിനോടൊപ്പമൊപ്പം പെരുമാറ്റത്തിലൂടെയും മുഖത്തിലൂടെയും ബാബയ്ക്ക് സമാനം ഗുണം കാണപ്പെടണം അപ്പോൾ പ്രത്യക്ഷത ഉണ്ടാകും.**